## PART – I

## (ACCOUNTANCY) (40 Scores)

I. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം. (5 × 1 = 5)

1. ഒരു പങ്കാളിത്ത സ്ഥാപനത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിൽ 25,000 രൂപ നഷ്ടം കാണിക്കുന്നു. താഴെ പറയുന്നവയിൽ നിയമപരമായി പങ്കാളികൾക്ക് ആവശ്യപ്പെടാവുന്ന അർഹമായ ഇനം ഏതെന്നു തിരിച്ചറിയുക.
   (a) പങ്കാളികൾ നൽകിയ വായ്പയുടെ പലിശ
   (b) പങ്കാളികളുടെ മൂലധനത്തിന്റെ പലിശ
   (c) പങ്കാളികൾക്കുള്ള കമ്മീഷൻ
   (d) പങ്കാളികൾക്കുള്ള ശമ്പളം

2. സമാന മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ നേടുന്ന ലാഭത്തേക്കാൾ ഒരു സ്ഥാപനം ഉണ്ടാക്കുന്ന ലാഭമാണ് :
   (a) മൂലധന ലാഭം
   (b) സാങ്കൽപ്പിക ലാഭം
   (c) അധിക ലാഭം
   (d) മൊത്ത ലാഭം

3. ഒരു സ്ഥാപനത്തിൽ നിന്നും വിരമിക്കുന്ന അല്ലെങ്കിൽ പുറത്തു പോകുന്ന പങ്കാളിക്ക് :
   (a) വിരമിക്കലിനു ശേഷമുള്ള സ്ഥാപനത്തിന്റെ ബാധ്യതകൾക്ക് ബാധ്യസ്ഥനാണ്.
   (b) സ്ഥാപനത്തിന്റെ ഒരു രീതിയിലുമുള്ള ബാധ്യതകൾക്കും ബാധ്യസ്ഥനല്ല.
   (c) വിരമിക്കുന്നതിന് മുമ്പ് ഉണ്ടായിരുന്ന ബാധ്യതകൾക്ക് ബാധ്യസ്ഥനാണ്.
   (d) വിരമിക്കുന്നതിന് മുമ്പും ശേഷവുമുള്ള ബാധ്യതകൾക്ക് ബാധ്യസ്ഥനാണ്.

4. താഴെ പറയുന്നവയിൽ ഏത് സാഹചര്യത്തിലാണ് കോടതി വഴിയല്ലാത്ത പിരിച്ചുവിടൽ സാധ്യമാകുന്നത്.
   (a) ഒരു പങ്കാളിക്ക ബുദ്ധിഭ്രമം സംഭവിക്കുമ്പോൾ
   (b) ഒരു പങ്കാളി കരാർ ലംഘനം നടത്തുമ്പോൾ
   (c) സ്ഥാപനത്തിനു നഷ്ടത്തിലല്ലാതെ പ്രവർത്തിക്കാൻ കഴിയാതെ വരുമ്പോൾ
   (d) കാലാവധി അവസാനിക്കുമ്പോൾ

5. നൽകിയിരിക്കുന്ന സൂചനയുടെ അടിസ്ഥാനത്തിൽ താഴെ നൽകിയിരിക്കുന്ന ശ്രേണി പൂർത്തിയാക്കുക :

   **സൂചന :** ആസ്തികളുടെ മൂല്യത്തിലുണ്ടാകുന്ന വർദ്ധനവ് : ഡെബിറ്റ് അസ്സെറ്റ്
   ക്രെഡിറ്റ് റീവാലുവേഷൻ

   ബാധ്യതകളുടെ തുക കുറഞ്ഞാൽ : ഡെബിറ്റ് ............. ക്രെഡിറ്റ് ..............

6. നൽകിയിരിക്കുന്ന രണ്ടു പ്രസ്താവനകളിൽ ഒന്ന് വാദത്തെയും (എ), രണ്ടാമത്തേത് കാരണത്തെയും (ആർ) സൂചിപ്പിക്കുന്നു :

വാദം (എ) : സ്ഥാപനം പിരിച്ചുവിടുമ്പോൾ കരുതൽ ധനവും സഞ്ചിത ലാഭവും റിയലൈസേഷൻ അക്കൗണ്ടിലേക്ക് മാറ്റുന്നു.

കാരണം (ആർ): കരുതൽ ധനവും സഞ്ചിത ലാഭവും വീതം വയ്ക്കാത്ത ലാഭത്തിന്റെ ഭാഗമാണ്.

നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായ പ്രസ്താവന കണ്ടെത്തുക.

(a) വാദം (എ) യും കാരണം (ആർ) ഉം ശരിയാണ്.

(b) വാദം (എ) യും കാരണം (ആർ) ഉം തെറ്റാണ്.

(c) വാദം (എ) ശരിയാണ് എന്നാൽ കാരണം (ആർ) തെറ്റാണ്.

(d) വാദം (എ) തെറ്റാണ് എന്നാൽ കാരണം (ആർ) ശരിയാണ്.

**II. 7 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.**

**(4 × 2 = 8)**

7. സുഹൃത്തുക്കളായ അനിലും സുനിലും ഒരു കെട്ടിടം വാങ്ങുന്നു. വാങ്ങുന്നതിനാവശ്യമായ 3,00,000 രൂപ രണ്ടുപേരും തുല്യമായി നൽകുന്നു. രണ്ട് വർഷങ്ങൾക്കു ശേഷം അവർ ആ കെട്ടിടം 5,00,000 രൂപയ്ക്ക് വിൽക്കുകയും ലാഭം തുല്യമായി പങ്കിടുകയും ചെയ്യുന്നു.

(a) ഇവർ ചെയ്ത പ്രവർത്തി ഒരു പങ്കാളിത്ത ബിസിനസ് ആണോ ?

(b) നിങ്ങളുടെ ഉത്തരത്തെ പിന്തുണയ്ക്കുന്നതിനു ആവശ്യമായ കാരണം എഴുതുക.

8. ഒരു പങ്കാളിയുടെ കറണ്ട് അക്കൗണ്ടിന്റെ ക്രെഡിറ്റ് ഭാഗത്ത് വരുന്ന ഏതെങ്കിലും നാല് ഇനങ്ങൾ എഴുതുക.

9. താഴെ നൽകിയിരിക്കുന്ന ജേണൽ എൻട്രികൾ പരിശോധിച്ചു ആസ്തികൾക്കു ഉണ്ടായ മാറ്റങ്ങൾ എഴുതുക :

| | | | |
|---|---|---|---|
| (a) | Furniture A/c .............. Dr. | 12,000 | |
| | To Revaluation A/c | | 12,000 |
| (b) | Revaluation A/c ........... Dr. | 10,000 | |
| | To Machinery | | 12,000 |

10. അജിയും ബിജിയും സജിയും തുല്യ പങ്കാളികളാണ്. സജി വിരമിക്കുന്ന ദിവസം സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ പൊതു കരുതൽ തുക 60,000 രൂപയുണ്ട്. ഈ തുക ക്രമീകരിക്കാൻ ആവശ്യമായ ജേണൽ എൻട്രികൾ എഴുതുക.

15. ചേരുംപടി ചേർക്കുക :

| | A | B | C |
|---|---|---|---|
| 1. | ത്യാഗ അനുപാതം | പഴയ അനുപാതം × ബാക്കിയുള്ള ലാഭം | വിരമിക്കുമ്പോഴോ മരിക്കുമ്പോഴോ കണക്കാക്കുന്നു |
| 2. | നേട്ട അനുപാതം | പഴയ അനുപാതം – പുതിയ അനുപാതം | ഒരു പങ്കാളിയുടെ പ്രവേശന സമയത്തു കണക്കാക്കുന്നു |
| 3. | പുതിയ അനുപാതം | പുതിയ അനുപാതം – പഴയ അനുപാതം | മൂലധന ക്രമീകരണ സമയത്ത് കണക്കാക്കുന്നു |

16. A, B, C എന്നിവർ ലാഭനഷ്ടങ്ങൾ തുല്യമായി പങ്കിടുന്ന പങ്കാളികളാണ്. 2023 ജൂൺ 30-ന് സ്ഥാപനത്തിൽ നിന്ന് വിരമിക്കാൻ C തീരുമാനിച്ചു. വിരമിക്കൽ തീയതി വരെയുള്ള അദ്ദേഹത്തിന്റെ ലാഭവിഹിതം കഴിഞ്ഞ നാല് വർഷത്തെ ശരാശരി ലാഭത്തിന്റെ അടിസ്ഥാനത്തിലാണ് കണക്കാക്കേണ്ടത്. കഴിഞ്ഞ നാലുവർഷത്തെ ലാഭം.

| | | | |
|---|---|---|---|
| 2019-20 | ₹ 40,000 | 2020-21 | ₹ 14,000 |
| 2021-22 | ₹ 50,000 | 2022-23 | ₹ 40,000 |

വിരമിക്കൽ തീയതി വരെയുള്ള 'സി'യുടെ ലാഭ വിഹിതം കണക്കാക്കുക. അക്കൗണ്ടിംഗ് വർഷം മാർച്ച് 31 ന് അവസാനിക്കുന്നു

17. പങ്കാളിത്തം അവസാനിപ്പിക്കലും പങ്കാളിത്തത്തിന്റെ അടച്ചുപൂട്ടലും തമ്മിലുള്ള ഏതെങ്കിലും മൂന്ന് വ്യത്യാസങ്ങൾ എഴുതുക.

**IV. 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(2 × 6 = 12)**

18. യഥാക്രമം 3:2 എന്ന അനുപാതത്തിൽ ലാഭനഷ്ടങ്ങൾ പങ്കിടുന്ന പങ്കാളികളാണ് ഗോകുലും ഗോപികയും. 2023 മാർച്ച് 31-നുള്ള അവരുടെ ബാലൻസ് ഷീറ്റ് താഴെ നൽകിയിരിക്കുന്നു :

| ബാധ്യതകൾ | | തുക (₹) | ആസ്തികൾ | തുക (₹) |
|---|---|---|---|---|
| ക്രെഡിറ്റേഴ്സ് | | 80,000 | ക്യാഷ് | 10,000 |
| ബാങ്ക് ഓവർഡ്രാഫ്റ്റ് | | 20,000 | ബിൽസ് റെസീവബിൾ | 20,000 |
| കരുതൽ ധനം | | 10,000 | ഡെബ്റ്റേഴ്സ് | 70,000 |
| തോഴിലാളികളുടെ PF | | 30,000 | സ്റ്റോക്ക് | 40,000 |
| മൂലധനം | | | മെഷിനറി | 1,80,000 |
| ഗോകുൽ | 1,80,000 | | കെട്ടിടങ്ങൾ | 1,00,000 |
| ഗോപിക | 1,20,000 | 3,00,000 | പേറ്റന്റ് | 20,000 |
| | | **4,40,000** | | **4,40,000** |

താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഗീതയെ പങ്കാളിത്തത്തിൽ പ്രവേശിപ്പിക്കാൻ അവർ തീരുമാനിച്ചു :

(i) ഗീത മൂലധനമായി 1,00,000 രൂപയും 1/4 ലാഭ ഓഹരി പ്രകാരമുള്ള ഗുഡ് വിൽ തുകയായി 80,000 രൂപയും പണമായി കൊണ്ട് വരുന്നു.

(ii) കെട്ടിടങ്ങൾ മെഷിനറി എന്നിവയ്ക്ക് 10% മൂല്യ ക്ഷയം സംഭവിച്ചു.

(iii) സ്ഥാപനത്തിന്റെ അക്കൗണ്ട് ബുക്കുകളിൽ രേഖപ്പെടുത്താത്ത് 40,000 രൂപയുടെ ഒരു മോട്ടോർ വാഹനമുണ്ട്.

(iv) ഡെബ്റ്റേഴ്സസിനു 1,300 രൂപ കിട്ടാക്കടത്തിനുള്ള പ്രൊവിഷൻ ആയി മാറ്റി വയ്ക്കുണം.

(v) സ്റ്റോക്കിന്റെ മൂല്യം 50,000 രൂപയായി പുനർമൂല്യനിർണയം നടത്തി.

റീവാലുവേഷൻ അക്കൗണ്ടും പങ്കാളികളുടെ മൂലധന അക്കൗണ്ടും തയ്യാറാക്കുക.

19. A, B, C എന്നിവർ 3:2:1 എന്ന അനുപാതത്തിൽ ലാഭം പങ്കിടുന്ന പങ്കാളികളാണ്. 2023 ഒക്ടോബർ 1-ന് A മരിക്കുന്നു. അദ്ദേഹത്തിന്റെ നിയമപരമായ അവകാശികളും ശേഷിക്കുന്ന പങ്കാളികളും തമ്മിലുള്ള ധാരണ പ്രകാരം :

(a) കഴിഞ്ഞ 5 വർഷത്തെ ശരാശരി ലാഭത്തിന്റെ 2 വർഷത്തെ വാങ്ങലിനെ അടിസ്ഥാനമാക്കി ഗുഡ്‌വിൽ മൂല്യം കണക്കാക്കുന്നു. (കഴിഞ്ഞ 5 വർഷത്തെ ശരാശരി ലാഭം 20,000 രൂപയാണ്)

(b) മെഷിനറികൾക്ക് 12,000 രൂപ മൂല്യക്ഷയവും കെട്ടിടങ്ങൾക്ക് 24,000 രൂപ മൂല്യ വർധനവും ഉണ്ടായിട്ടുണ്ട്.

(c) 2023-ലെ ലാഭം മുൻ വർഷത്തെ ലാഭത്തിന്റെ അതേ നിരക്കിലാണ്. (2022-23 ലെ ലാഭം 36,000 രൂപയാണ്.)

(d) മൂലധനത്തിന്റെ പലിശ @ 12% p.a. (01-04-2023 ലെ A യുടെ മൂലധന അക്കൗണ്ട് തുക 60,000 രൂപയായിരുന്നു)

(e) സഞ്ചിത ലാഭവും നഷ്ടവും പങ്കാളികൾക്കിടയിൽ പങ്കിടേണ്ടതാണ്.

(31-03-2023 ലെ സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം ലാഭനഷ്ട കണക്കിൽ 12,000 രൂപയുടെ ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നു)

എല്ലാ വർഷവും മാർച്ച് 31-ന് അക്കൗണ്ട് ബുക്കുകൾ ക്ലോസ് ചെയ്യും.

Aയുടെ എക്സിക്യൂട്ടേഴ്സ് അക്കൗണ്ട് തയ്യാറാക്കുക.

20. രവിയും റഹീമും 3:2 എന്ന അനുപാതത്തിൽ ലാഭനഷ്ടങ്ങൾ പങ്കിടുന്ന പങ്കാളികളാണ്. 2023 മാർച്ച് 31 ലെ അവരുടെ ബാലൻസ് ഷീറ്റ് താഴെ നൽകിയിരിക്കുന്നു :

**രവിയുടെയും റഹീമിന്റെയും 2023 മാർച്ച് 31 ലെ ബാലൻസ് ഷീറ്റ്**

| ബാധ്യതകൾ | | തുക | ആസ്തികൾ | തുക |
|---|---|---|---|---|
| ക്രെഡിറ്റേഴ്സ് | | 40,000 | ക്യാഷ് | 8,000 |
| കരുതൽ ധനം | | 13,000 | സ്റ്റോക്ക് | 12,000 |
| മിസ്സിസ് രവിയുടെ ലോൺ | | 12,000 | ഡെബ്റ്റേഴ്സ് | 25,000 |
| റഹീമിന്റെ ലോൺ | | 6,000 | ഫർണിച്ചർ | 30,000 |
| മൂലധനം | | | മെഷനറി | 50,000 |
| രവി | 40,000 | | ഇൻവെസ്റ്റ്മെന്റ് | 15,000 |
| റഹീം | 30,000 | 70,000 | പ്രോഫിറ്റ് & ലോസ്സ് A/c | 1,000 |
| | | **1,41,000** | | **1,41,000** |

താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ 2023 മാർച്ച് 31-ന് സ്ഥാപനം പിരിച്ചുവിട്ടു.

(i) ഇൻവെസ്റ്റ്മെന്റ് ഏറ്റെടുക്കാനും മിസ്സിസ് രവിയുടെ ലോൺ കൊടുത്തു തീർക്കാമെന്നും രവി സമ്മതിച്ചു.

(ii) മറ്റ് ആസ്തികൾ വിറ്റ തുകകൾ താഴെ പറയുന്നു :

സ്റ്റോക്ക് 14,000 രൂപ

കടക്കാർ 28,000 രൂപ

ഫർണിച്ചർ 37,000 രൂപ

മെഷിനറി 47,000 രൂപ

(iii) റിയലൈസേഷന്റെ ചെലവ് 2,000 രൂപയാണ്.

(iv) ക്രെഡിറ്റേഴ്സിനു അവരുടെ കണക്കുകൾ തീർപ്പാക്കാനായി 37,000 രൂപ നൽകി.

റിയലൈസേഷൻ അക്കൗണ്ട് തയ്യാറാക്കുക.

## PART – II
## (ANALYSIS OF FINANCIAL STATEMENTS) (40 Scores)

I. 21 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം. (5 × 1 = 5)

21. ഓഹരികളുടെ അധിക ഏറ്റെടുക്കൽ എന്നാൽ എന്താണ് അർത്ഥമാക്കുന്നത് ?

(a) ആസൂത്രണം ചെയ്തതിലും കൂടുതൽ ഓഹരികൾ പുറപ്പെടുവിക്കുക.

(b) ഓഹരികളുടെ അപേക്ഷകളുടെ എണ്ണം പുറപ്പെടുവിച്ച ഓഹരികളേക്കാൾ കൂടുതലാണ്.

(c) ആസൂത്രണം ചെയ്തതിനേക്കാൾ കുറച്ച് ഓഹരികൾ പുറപ്പെടുവിക്കുക.

(d) പുറപ്പെടുവിക്കുന്ന വില മുഖവിലയ്ക്ക് മുകളിൽ വരുക.

22. നൽകിയിരിക്കുന്ന രണ്ടു പ്രസ്താവനകളിൽ ഒന്ന വാദത്തെയും (എ) രണ്ടാമത്തേത് കാരണത്തെയും (ആർ) സൂചിപ്പിക്കുന്നു :

വാദം (എ) : കണ്ടുകെട്ടിയ ഓഹരികൾ കിഴിവിൽ വീണ്ടും പുറപ്പെടുവിക്കാം.

കാരണം (ആർ) : കണ്ടുകെട്ടിയ ഓഹരികൾ കിഴിവിൽ വീണ്ടും പുറപ്പെടുവിക്കുമ്പോൾ പലപ്പോഴും പുതിയ നിക്ഷേപകരെ ആകർഷിക്കുകയും ഓഹരികൾ വിറ്റഴിക്കാമെന്നു ഉറപ്പാക്കുകയും ചെയ്യുന്നു.

നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായ പ്രസ്താവന കണ്ടെത്തുക :

(a) വാദം (എ) യും കാരണം (ആർ) ഉം ശരിയാണ്.

(b) വാദം (എ) യും കാരണം (ആർ) ഉം തെറ്റാണ്.

(c) വാദം (എ) ശരിയാണ് എന്നാൽ കാരണം (ആർ) തെറ്റാണ്.

(d) വാദം (എ) തെറ്റാണ് എന്നാൽ കാരണം (ആർ) ശരിയാണ്.

23. കമ്പനിയുടെ ആസ്തികളുടെ മേൽ അവകാശമുള്ള കടപ്പത്രങ്ങളാണ് :

(a) ഈടുള്ള കടപ്പത്രങ്ങൾ

(b) ഈടില്ലാത്ത കടപ്പത്രങ്ങൾ

(c) പരിവർത്തനപ്പെടുത്താവുന്ന കടപ്പത്രങ്ങൾ

(d) വാഹക കടപ്പത്രങ്ങൾ

24. മൂൺ ലിമിറ്റഡ് 100 രൂപ വിലയുള്ള 10,000, 9% കടപ്പത്രങ്ങൾ 5% പ്രീമിയത്തിൽ നൽകുകയും 10% പ്രീമിയത്തിൽ വീണ്ടെടുക്കുകയും ചെയ്യുന്നു. ഡിബഞ്ചർ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ട പുറപ്പെടുവിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം എത്രയാണ് ?

(a) 10,00,000 രൂപ (b) 1,00,000 രൂപ

(c) 1,50,000 രൂപ (d) 1,05,000 രൂപ

25. താഴെ പറയുന്ന ഇടപാടുകളിൽ ഏതാണ് പണത്തിന്റെ ഒഴുക്കിന് കാരണമാകുന്നത് ?

A. 1,00,000 രൂപയുടെ 9% കടപ്പത്രങ്ങൾ മെഷിനറി നൽകിയ വ്യക്തിക്ക് നൽകി.

B. ഡെബ്റ്റേഴ്സസ്സിൽ നിന്ന് 60,000 രൂപ ലഭിച്ചു.

C. 10% കടപ്പത്രങ്ങൾ പരിവർത്തനത്തിലൂടെ സാധരണ ഓഹരികളായി മാറ്റി.

D. ഓഹരികൾ പുറപ്പെടുവിച്ചതിലൂടെ ലഭിച്ച തുക 70,000.

ശരിയാ ഉത്തരം തിരഞ്ഞെടുക്കുക :

(a) B മാത്രം

(b) B യും C യും D യും

(c) B യും D യും

(d) A യും B യും

26. നൽകിയിരിക്കുന്ന സൂചന ഉപയോഗിച്ച് താഴെ പറയുന്ന ശ്രേണി പൂർത്തിയാക്കുക :

**സൂചന :** കറന്റ് അനുപാതം – ലിക്വിഡിറ്റി അനുപാതങ്ങളിലെ ഒരിനം

ഗ്രോസ് പ്രോഫിറ്റ് അനുപാതം – ................................

**II. 27 മുതൽ 31 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(4 × 2 = 8)**

27. "ഏകാംഗ കമ്പനി" എന്നതിന് ഒരു ചെറു കുറുപ്പ് തയ്യാറാക്കുക.

28. ഐശ്വര്യ ലിമിറ്റഡ്, രാജ് ലിമിറ്റഡിൽ നിന്ന് 2,00,000 രൂപയുടെ ഒരു മെഷിനറി വാങ്ങി. പ്രതിഫലമായി ഐശ്വര്യ ലിമിറ്റഡിന്റെ 2,000, 100 രൂപ മുഖവിലയുള്ള 10% കടപ്പത്രങ്ങളും നൽകി. ഈ ഇടപാട് രേഖപ്പെടുത്താൻ.

ആവശ്യമായ ജേണൽ എൻട്രികൾ എഴുതുക.

29. ഒരു പുതിയ നിക്ഷേപകനെ സംബന്ധിച്ചിടത്തോളം ഒരു കമ്പനിയുടെ കടപ്പത്രങ്ങളിൽ നിക്ഷേപിക്കുന്നത് ഓഹരികളിൽ നിക്ഷേപിക്കുന്നതിനേക്കാൾ ആകർഷകമാണ്. നിങ്ങളുടെ ഉത്തരം ന്യായീകരിക്കുക.

30. ധനകാര്യപത്ര വിശകലനത്തിന്റെ ഏതെങ്കിലും രണ്ടു ലക്ഷ്യങ്ങളെഴുതുക.

31. താഴെ പറയുന്ന ഇനങ്ങളെ നിക്ഷേപ പ്രവർത്തനങ്ങളെന്നും ധനകാര്യ പ്രവർത്തനങ്ങളെന്നും തരംതിരിക്കുക :

(a) ലാഭവിഹിതം ലഭിച്ചു

(b) വായ്പയുടെ പലിശ അടച്ചു

(c) മെഷിനറി വാങ്ങൽ

(d) കടപ്പത്രങ്ങൾ വീണ്ടെടുത്തു

III. 32 മുതൽ 37 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം. (5 × 3 = 15)

32. ഗാലക്സി ലിമിറ്റഡിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് ഓഹരി ഒന്നിന് 10 രൂപ വിലയുള്ള 2,000 ഇക്വിറ്റി ഓഹരികൾ രണ്ടാമത്തേതും അവസാനത്തേതുമായ കാൾ തുകയായ 3 രൂപ അടയ്ക്കാത്തതുകൊണ്ടു കണ്ടുകെട്ടുവാൻ തീരുമാനിച്ചു. ഇതിൽ നിന്നും 1,500 ഓഹരികൾ 6 രൂപ നിരക്കിൽ പുനർവിതരണം നടത്തി. ഈ ഇടപാടുകൾക്ക് ആവശ്യമായ ജേണൽ എൻട്രികൾ എഴുതുക.

33. ചേരുംപടി ചേർക്കുക :

| | A | | B |
|---|---|---|---|
| 1. | കാൾ | A. | ആസ്തി |
| 2. | മുൻകൂർ കാൾ | B. | പണം അടയ്ക്കുന്നതിനുള്ള ആവശ്യം |
| 3. | കാൾ കുടിശ്ശിക | C. | ബാധ്യത |

34. അരവിന്ദ് ലിമിറ്റഡ് 10,00,000 രൂപ വിലയുള്ള സ്ഥലവും കെട്ടിടവും മേഘ ലിമിറ്റഡിൽ നിന്നും വാങ്ങുന്നു. വാങ്ങൽ കരാർ പ്രകാരം പ്രതിഫലമായി 100 രൂപ മുഖവിലയുള്ള ഓഹരികൾ നൽകുന്നു. താഴെ പറയുന്ന പ്രകാരമാണ് വാങ്ങിയതെങ്കിൽ അനുയോജ്യമായ ജേണൽ എൻട്രികൾ എഴുതുക :

(a) മുഖവിലക്കു നൽകുകയാണെങ്കിൽ

(b) 25% പ്രീമിയത്തിൽ നൽകുകയാണെങ്കിൽ

35. ഒരു കമ്പനിയുടെ ധനകാര്യ പത്രികകൾ തയ്യാറാക്കുന്നതിന്റെ ഏതെങ്കിലും മൂന്ന് ലക്ഷ്യങ്ങൾ സംക്ഷിപ്തമായി വിശദീകരിക്കുക.

36. കറന്റ് അനുപാതം 3.5, വർക്കിംഗ് ക്യാപിറ്റൽ 90,000 രൂപ ഹ്രസ്വകാല ആസ്തികൾ ഹ്രസ്വകാല ബാധ്യതകൾ എന്നിവ കണ്ടെത്തുക.

37. നൽകിയിരിക്കുന്ന വിശദാംശങ്ങളിൽ നിന്നും ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണത്തിന്റെ തുക കണ്ടെത്തുക :

വർഷാന്ത്യ അറ്റ ലാഭം 5,00,000 രൂപ

ആസ്തികളുടെവ മൂല്യക്ഷയം 2,00,000 രൂപ

ആസ്തികൾ വിറ്റ വഴി ഉണ്ടായ ലാഭം 50,000 രൂപ (പ്രോഫിറ്റ് & ലോസ് അക്കൗണ്ടിലേക്കു മാറ്റിയത്)

ട്രേഡ് റിസീവബിൾസിനുണ്ടായ വർദ്ധനവ് 40,000 രൂപ

ട്രേഡ് പേയബിൾസിനുണ്ടായ വർദ്ധനവ് 60,000 രൂപ

**IV. 38 മുതൽ 40 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം. (2 × 6 = 12)**

38. ബോക്ക ജൂനിയേഴ്സ് ലിമിറ്റഡ് 10 രൂപ മുഖവിലയുള്ള 2,500 ഇക്വിറ്റി ഓഹരികൾ 1 രൂപ പ്രീമിയത്തിൽ താഴെ പറയുന്ന പ്രകാരം വാങ്ങലിനായി പുറപ്പെടുവിക്കുന്നു. ആപ്ലിക്കേഷൻ ഓഹരി ഒന്നിന് 3 രൂപ, നിരക്കിൽ അലോട്ട്മെന്റ് ഓഹരി ഒന്നിന് 5 രൂപ (പ്രീമിയം ഉൾപ്പെടെ) നിരക്കിൽ ബാക്കി തുക ആദ്യത്തേയും അവസാനത്തേയും കാൾ പണമായും. 3,000 ഓഹരികൾക്കുള്ള അപേക്ഷ കമ്പനിക്ക് ലഭിച്ചു. അധികമായി ലഭിച്ച അപ്ലിക്കേഷൻ പണം തിരികെ നൽകി. വിളിച്ച എല്ലാ കാൾ തുകയും അലോട്ട്മെന്റ് തുകയും കൃത്യമായി ലഭിച്ചു.

ബോക്ക ജൂനിയേഴ്സിന്റെ ജേണലിൽ ഓഹരി പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട ഇടപാടുകൾ രേഖപ്പെടുത്തുക.

39. നൽകിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അനുപാതങ്ങൾ കണ്ടെത്തുക :

(i) കറന്റ് അനുപാതം

(ii) ആസിഡ് ടെസ്റ്റ് അനുപാതം

(iii) ഗ്രോസ് പ്രോഫിറ്റ് അനുപാതം

| | |
|---|---|
| ഹ്രസ്വകാല ആസ്തികൾ | 35,000 രൂപ |
| ഹ്രസ്വകാല ബാധ്യതകൾ | 17,500 രൂപ |
| ഇൻവെന്ററി | 15,000 രൂപ |
| റെവന്യൂ ഫ്രം ഓപ്പറേഷൻ | 60,000 രൂപ |
| കോസ്റ്റ് ഓഫ് റെവന്യൂ ഫ്രം ഓപ്പറേഷൻ | 30,000 രൂപ |